**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5609 — 27.10.2011-ലെ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ വികസനവും വൈവിദ്ധ്യവൽക്കരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, എം. ഹംസ<br>,, കെ.കെ. നാരായണൻ<br>ശ്രീമതി കെ.കെ. ലതിക | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവത്ക്കരണത്തിനുമുളള പദ്ധതികൾ വിശദമാക്കാമോ; | (എ) | സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യത്തിനും സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി പദ്ധതിയിലും സംയോജിത സഹകരണ വികസന പദ്ധതിയിലും ഉൾപ്പെടുത്തി, വ്യക്തമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. |
| (ബി) | പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന എത്ര സഹകരണ സംഘങ്ങളുണ്ട്; പ്രസ്തുത സംഘങ്ങൾക്ക് ഈ വർഷം എന്തു തുക വീതം സഹായം നൽകാനുദ്ദേശിക്കുന്നു; | (ബി) | പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന 43 സഹകരണ സംഘങ്ങളുണ്ട്. സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹതയുളള ധനസഹായം ലഭ്യമാക്കുന്നതാണ്. |
| (സി) | ഈ പദ്ധതിയിൻകീഴിൽ എത്ര അപേക്ഷകൾ സർക്കാരിന് | (സി) | സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണപദ്ധതിയിൻ |

| | |
|---|---|
| ലഭിച്ചിട്ടുണ്ട്; അവയ്ക്കെല്ലാം സഹായം നൽകുന്നതിന് എന്തു തുക വേണ്ടി വരും; വ്യക്തമാക്കുമോ ? | കീഴിൽ 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് 100 ലക്ഷം രൂപ ഈയിനത്തിൽ വേണ്ടിവരും എന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ